©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7 / Vol. VII

തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday

2018 ആഗസ്റ്റ് 21 / 21st August 2018
1194 ചിങ്ങം 5 / 5th Chingam 1194
1940 ശ്രാവണം 30 / 30th Sravana 1940

നമ്പർ / No. 34

## PART III

# Police Department

ലേല പരസ്യം

നമ്പർ ഇ2-58181/2018/ടി.സി. 2018 ജൂലൈ 31.

തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഉള്ളതും പോലീസ് വകുപ്പിന് ഉപയോഗമില്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വാഹനങ്ങൾ ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

ലേല തീയതി—5-9-2018.

ലേലസ്ഥലം—സായുധസേനാ വിഭാഗം ക്യാമ്പ്, നന്ദാവനം, തിരുവനന്തപുരം സിറ്റി.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1 | KL 01 X 9225 | മാരുതി ഓംനി | 2002 | 900 |
| 2 | KL 01 X 9238 | മാരുതി ഓംനി | 2002 | 900 |
| 3 | KL 01 X 9083 | ഡീസൽ ജീപ്പ് | 2002 | 2,000 |
| 4 | KL 01 X 9480 | ഡീസൽ ജീപ്പ് | 2002 | 2,000 |
| 5 | KL 01 AD 5149 | ഡീസൽ ജീപ്പ് | 2004 | 2,000 |
| 6 | KL 01 AE 2472 | ടാറ്റാ ഇൻഡിഗോ | 2004 | 1,200 |
| 7 | KL 01 AD 5144 | ഡീസൽ ജീപ്പ് | 2004 | 2,200 |
| 8 | KL 01 AG 9868 | ഡീസൽ ജീപ്പ് | 2005 | 2,500 |
| 9 | KL 01 AH 607 | ബോലെറോ | 2005 | 1,500 |
| 10 | KL 01 AG 5550 | ടാറ്റാ സുമോ | 2005 | 1,600 |
| 11 | KL 01 AG 8398 | ബുള്ളറ്റ് | 2005 | 2,200 |
| 12 | KL 01 AH 5200 | ബജാജ് CT 100 | 2005 | 150 |
| 13 | KL 01 AM 7889 | അംബാസഡർ കാർ | 2006 | 800 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം ലേലസ്ഥലത്ത് കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരുമണിക്കൂർ മുൻപ് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചുനൽകുന്നതുമാണ്. ലേലത്തിൽവച്ച വാഹനങ്ങൾ ലേലത്തിന് മുൻപുള്ള പതിനഞ്ച് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ പത്ത് മണിക്കും വൈകിട്ട് അഞ്ചുമണിക്കും ഇടയിൽ തിരുവനന്തപുരം സിറ്റി സായുധസേന വിഭാഗം ക്യാമ്പ് മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോടുകൂടി നേരിട്ട് പരിശോധിക്കാവുന്നതാണ്.

ടി വാഹനങ്ങളുടെ വിൽപ്പനയ്ക്ക് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ ഫോറം ഓഫീസ് പ്രവൃത്തി ദിവസം രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്നതാണ്. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 20-8-2018 വൈകുന്നേരം നാല് മണിവരെയാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടർ കവറിനുമുകളിൽ വാഹനത്തിന്റെ നമ്പരോടുകൂടി വാഹനലേലത്തിനുള്ള ടെണ്ടർ എന്ന് എഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് പ്രസ്തുത തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. നിരതദ്രവ്യം ഒഴികെ ലേലം/ടെണ്ടർ തുകയും നിശ്ചിത നികുതിയും ഉൾപ്പെടെയുള്ള തുക ലേലസ്ഥലത്ത് വച്ച് അപ്പോൾത്തന്നെ അടയ്ക്കേണ്ടതും തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് കിട്ടുന്നമുറയ്ക്ക് ലേലം കൊണ്ട വാഹനങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

ടി നിബന്ധനകൾക്ക് വിപരീതമായി ലേലംകൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതും നഷ്ടസംഖ്യ ടിയാനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹത ഇല്ലാത്തതുമാകുന്നു. ലേലം സംബന്ധിച്ച് (ലേല സമയത്തും അതിനുശേഷവും) തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേല നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും.

City Police Office, Thiruvananthapuram. P. PRAKASH IPS,
cptvm.pol@kerala.gov.in, Phone: 04712320579. *Commissioner of Police.*

---

ലേല പരസ്യം

(1)

നമ്പർ ഇ3-38536/2017/എ. 2018 ജൂലൈ 28.

ആലപ്പുഴ ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ടുമെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 2018 സെപ്റ്റംബർ മാസം 6-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | KL-01-X 9899 Tata 709 Bus | 2002 | 13,000 |
| 2 | KL-01-AG 8225 Enfield Bullet | 2005 | 5,500 |
| 3 | KL-01-AG 8232 Enfield Bullet | 2005 | 5,500 |
| 4 | KL-01-AH 2106 Bajaj CT 100 | 2005 | 3,000 |
| 5 | KL-01-AH 2118 Bajaj CT 100 | 2005 | 3,000 |
| 6 | KL-01-AH 2145 Bajaj CT 100 | 2005 | 3,000 |
| 7 | KL-01-AH 2146 Bajaj CT 100 | 2005 | 3,000 |
| 8 | KL-01-AH 5114 Bajaj CT 100 | 2005 | 3,000 |
| 9 | KL-01-AH 5127 Bajaj CT 100 | 2005 | 3,000 |
| 10 | KL-01-AS 6186 Mahindra Invader | 2008 | 7,500 |
| 11 | KL-01-AS 6306 Mahindra Invader | 2008 | 8,000 |
| 12 | KL-01-AU 3634 Mahindra Jeep | 2008 | 7,500 |
| 13 | KL-01-AS 6159 Mahindra Invader | 2008 | 7,500 |
| 14 | KL-01-AS 6120 Mahindra Invader | 2008 | 8,000 |
| 15 | KL-01-AU 3583 Mahindra Invader | 2008 | 7,500 |
| 16 | KL-01-AS 6247 Mahindra Invader | 2008 | 7,000 |
| 17 | KL-01-AU 9974 Mahindra Invader | 2009 | 7,500 |
| 18 | KL-01-AU 9933 Mahindra Invader | 2009 | 8,000 |
| 19 | KL-01-AV 240 Mahindra Invader | 2009 | 8,500 |
| 20 | KL-01-AV 147 Mahindra Invader | 2009 | 8,000 |
| 21 | KL-01-AV 115 Mahindra Invader | 2009 | 8,000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരുമണിക്കൂർ മുമ്പ് മുകളിൽ വാഹനങ്ങളുടെ നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽനിന്ന് മുൻകൂട്ടി സീൽചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽമാർഗ്ഗമോ 2018 സെപ്റ്റംബർ മാസം 6-ാം തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോടൊപ്പം വാഹനങ്ങൾക്ക് നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിലും തുകയ്ക്കുമുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം വിൽപ്പന ബന്ധപ്പെട്ടയാളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ദർഘാസ് തുകയുടെ പകുതിസംഖ്യ (നികുതിയുൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് അടയ്ക്കേണ്ടതും ബാക്കി തുക (നികുതിയുൾപ്പെടെ) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലം/ദർഘാസ് പ്രകാരം ലഭിച്ച വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും. പുനർലേലത്തിൽ മുൻ വിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ ലേലത്തിന് മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെ ആലപ്പുഴ ജില്ലാ സായുധസേനാ വിഭാഗം അസിസ്റ്റന്റ് കമാണ്ടന്റ് I-ന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

(2)

നമ്പർ ഇ3-38536/2017/എ. 2018 ജൂലൈ 16.

ആലപ്പുഴ ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ടുമെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 2018 സെപ്റ്റംബർ മാസം 6-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | മോഡൽ | നിരതദ്രവ്യം ` |
|---|---|---|---|
| 1 | KL-01-AQ 7068 Mahindra Invader | 2007 | 8,000 |
| 2 | KL-01-AQ 8228 Mahindra Invader | 2007 | 8,000 |
| 3 | KL-01-AQ 8188 Mahindra Invader | 2007 | 8,000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരുമണിക്കൂർ മുമ്പ് മുകളിൽ വാഹനങ്ങളുടെ നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽനിന്ന് മുൻകൂട്ടി സീൽചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽമാർഗ്ഗമോ 2018 സെപ്റ്റംബർ മാസം 5-ാം തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോടൊപ്പം വാഹനങ്ങൾക്ക് നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിലും തുകയ്ക്കുമുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം വിൽപ്പന ബന്ധപ്പെട്ടയാളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ദർഘാസ് തുകയുടെ പകുതിസംഖ്യ (നികുതിയുൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് അടയ്ക്കേണ്ടതും ബാക്കി തുക (നികുതിയുൾപ്പെടെ) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലം/ദർഘാസ് പ്രകാരം ലഭിച്ച വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

മേല്‍പ്പറഞ്ഞ പ്രകാരം ലേലം/ദര്‍ഘാസ് കൊണ്ടയാള്‍ മുകളില്‍ പറഞ്ഞിരിക്കുന്ന നിബന്ധനകള്‍ ലംഘിച്ചാല്‍ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സര്‍ക്കാരിലേക്ക് മുതല്‍ കൂട്ടുന്നതും വാഹനങ്ങള്‍ പുനര്‍ലേലം ചെയ്യുന്നതുമാണ്. പുനര്‍ലേലത്തില്‍ സര്‍ക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാല്‍ ആയതിന് ആദ്യം ലേലം കൊണ്ടയാള്‍ ഉത്തരവാദിയായിരിക്കും. പുനര്‍ലേലത്തില്‍ മുന്‍ വില്‍പ്പനയേക്കാള്‍ കൂടുതല്‍ തുക ലഭിച്ചാല്‍ ആയതിന് ആദ്യം ലേലം കൊണ്ടയാള്‍ക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ലേലം ചെയ്യുവാന്‍ ഉദ്ദേശിക്കുന്ന വാഹനങ്ങള്‍ ലേലത്തിന് മുന്‍പുള്ള 10 പ്രവൃത്തി ദിവസങ്ങളില്‍ രാവിലെ 10 മണി മുതല്‍ വൈകിട്ട് 5 മണിവരെ ആലപ്പുഴ ജില്ലാ സായുധസേനാ വിഭാഗം അസി. കമാണ്ടന്റ് I-ന്റെ മുന്‍കൂര്‍ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിന്‍ പ്രകാരമുള്ള ലേലം മാറ്റിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂര്‍ണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയില്‍ നിക്ഷിപ്തമാണ്.

(3)

നമ്പര്‍ ഇ3-5870/2018/എ. 2018 ജൂലൈ 23.

ആലപ്പുഴ ജില്ലാ സായുധസേനാ ക്യാമ്പില്‍ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാര്‍ട്ടുമെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന ഡിപ്പാര്‍ട്ടുമെന്റ് വാഹനങ്ങള്‍ 2018 സെപ്റ്റംബര്‍ മാസം 6-ാം തീയതി പകല്‍ 11 മണിക്ക് പ്രസ്തുത ക്യാമ്പില്‍വച്ച് പരസ്യമായി ലേലം ചെയ്തു വില്‍ക്കുന്നതാണ്.

| ക്രമ നമ്പര്‍ | വാഹന രജിസ്ട്രേഷന്‍ നമ്പര്‍ | മോഡല്‍ | നിരതദ്രവ്യം ` |
|---|---|---|---|
| 1 | KL-01-AG 9783 Jeep | 2005 | 5,500 |
| 2 | KL-01-AD 4505 Jeep | 2004 | 4,000 |
| 3 | KL-01-AD 5197 Jeep | 2004 | 4,500 |
| 4 | KL-01-AD 5198 Jeep | 2004 | 4,000 |
| 5 | KL-01-AD 5146 Sumo | 2004 | 5,000 |
| 6 | KL-01-AU 3568 Invader | 2008 | 5,500 |
| 7 | KL-01-AU 4135 Sumo | 2008 | 6,500 |
| 8 | KL-01-AU 3623 Invader | 2008 | 6,000 |

ലേലത്തില്‍ പങ്കെടുക്കാന്‍ ആഗ്രഹിക്കുന്നവര്‍ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരുമണിക്കൂര്‍ മുമ്പ് മുകളില്‍ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങള്‍ വാങ്ങുവാന്‍ ഉദ്ദേശിക്കുന്നവരില്‍നിന്ന് മുന്‍കൂട്ടി സീല്‍ചെയ്ത കവറില്‍ ദര്‍ഘാസ് നേരിട്ടോ തപാല്‍മാര്‍ഗ്ഗമോ 2018 സെപ്റ്റംബര്‍ മാസം 5-ാം തീയതി വൈകുന്നേരം 4 മണിക്ക് മുന്‍പായി ആലപ്പുഴ ജില്ലാ പോലീസ് ഓഫീസില്‍ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചു കൊള്ളുന്നു. ദര്‍ഘാസിനോടൊപ്പം വാഹനത്തിന് നിരതദ്രവ്യമായി പറഞ്ഞ നിരക്കിലും തുകയ്ക്കുമുള്ള ഏതെങ്കിലും ദേശസാല്‍കൃത ബാങ്കില്‍ നിന്നും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ പേരില്‍ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. ലേലത്തില്‍ പങ്കെടുക്കുവാന്‍ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തില്‍ ദര്‍ഘാസ് തുറക്കുന്നതും ലേലം വിളിച്ച തുകയോ ദര്‍ഘാസ് തുകയോ ഏതാണോ കൂടുതല്‍ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം ബന്ധപ്പെട്ടയാളിന്റെ പേരില്‍ വില്‍പന നിശ്ചയിക്കുന്നതും ടിയാന്‍ ഉടനെ ദര്‍ഘാസ് തുകയുടെ പകുതിസംഖ്യ (നികുതിയുള്‍പ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് അടയ്ക്കേണ്ടതും ബാക്കി തുക (നികുതിയുള്‍പ്പെടെ) ലേലം/ദര്‍ഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളില്‍ അടച്ച് സ്വന്തം ചെലവില്‍ ലേലം/ദര്‍ഘാസ് പ്രകാരം ലഭിച്ച വാഹനങ്ങള്‍ നീക്കം ചെയ്യേണ്ടതുമാണ്.

മേല്‍പ്പറഞ്ഞ പ്രകാരം ലേലം/ദര്‍ഘാസ് കൊണ്ടയാള്‍ മുകളില്‍ പറഞ്ഞിരിക്കുന്ന നിബന്ധനകള്‍ ലംഘിച്ചാല്‍ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സര്‍ക്കാരിലേക്ക് മുതല്‍ കൂട്ടുന്നതും വാഹനങ്ങള്‍ പുനര്‍ലേലം ചെയ്യുന്നതുമാണ്. പുനര്‍ലേലത്തില്‍ സര്‍ക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാല്‍ ആയതിന് ആദ്യം ലേലം കൊണ്ടയാള്‍ ഉത്തരവാദിയായിരിക്കും. പുനര്‍ലേലത്തില്‍ മുന്‍ വില്‍പ്പനയേക്കാള്‍ കൂടുതല്‍ തുക ലഭിച്ചാല്‍ ആയതിന് ആദ്യം ലേലം കൊണ്ടയാള്‍ക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ലേലം ചെയ്യുവാന്‍ ഉദ്ദേശിക്കുന്ന വാഹനങ്ങള്‍ ലേലത്തിന് മുന്‍പുള്ള 10 പ്രവൃത്തി ദിവസങ്ങളില്‍ രാവിലെ 10 മണി മുതല്‍ വൈകിട്ട് 5 മണിവരെ ആലപ്പുഴ ജില്ലാ സായുധസേനാ വിഭാഗം അസി. കമാണ്ടന്റ് I-ന്റെ മുന്‍കൂര്‍ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office, SURENDRAN, S. IPS,
Alappuzha. *District Police Chief.*

## പുനർ ലേല പരസ്യം

നമ്പർ ഇ3-38535/2017/എ. 2018 ജൂലൈ 16.

ആലപ്പുഴ ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ടുമെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 2018 സെപ്റ്റംബർ മാസം 6-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | മോഡൽ | നിരതദ്രവ്യം ` |
|---|---|---|---|
| 1 | KL-01-X 9432 Omni Van | 2002 | 3,000 |
| 2 | KL-01-AK 5562 Bullet | 2005 | 6,000 |
| 3 | KL-01-AK 5568 Bullet | 2005 | 6,000 |
| 4 | KL-01-AS 6314 Mahindra Invader | 2008 | 9,000 |
| 5 | KL-01-AS 8134 Mahindra Invader | 2008 | 9,000 |
| 6 | KL-01-AS 8148 Mahindra Invader | 2008 | 9,000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരുമണിക്കൂർ മുമ്പ് മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽനിന്ന് മുൻകൂട്ടി സീൽചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽമാർഗ്ഗമോ 2018 സെപ്റ്റംബർ മാസം 5-ാം തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോടൊപ്പം വാഹനത്തിന് നിരതദ്രവ്യമായി പറഞ്ഞ നിരക്കിലും തുകയ്ക്കുമുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം ബന്ധപ്പെട്ടയാളിന്റെ പേരിൽ വിൽപന നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ദർഘാസ് തുകയുടെ പകുതിസംഖ്യ (നികുതിയുൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് അടയ്ക്കേണ്ടതും ബാക്കി തുക (നികുതിയുൾപ്പെടെ) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലം/ദർഘാസ് പ്രകാരം ലഭിച്ച വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും. പുനർലേലത്തിൽ മുൻ വിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ ലേലത്തിന് മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെ ആലപ്പുഴ ജില്ലാ സായുധസേനാ വിഭാഗം അസി. കമാണ്ടന്റ് I-ന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office, SURENDRAN, S. IPS,
Alappuzha *District Police Chief.*